**തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം**
**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
(ഹാജർ: എം.അശോക്കുമാർ)

വിഷയം: പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം - ശ്രീ.ധനുഷ്.വി, ക്ലാർക്ക് - ജോലിയിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:1. 24/01/2017-ലെ GO(Rt) No: 104/2017/ പൊ.മ.വ നമ്പർ ഉത്തരവ്.
2. ഈ കാര്യാലയത്തിലെ ഉത്തരവ് നം. ഇഡി1/5317/2016 തീയതി 22/08/2019.
3. 06/01/2021-ൽ ശ്രീ.ധനുഷ്.വി സമർപ്പിച്ച അപേക്ഷ.
4. പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ 18/03/2021-ലെ CEPWD/13246/2020-Vig. 9-AD നം അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ് നമ്പർ. ഇ.ഡി1-201/2018 Vol.I തീയതി: 09/04/2021**

കറ്റാനം റോഡ്സ് സെക്ഷൻ കാര്യാലയത്തിലെ ക്ലാർക്കായിരുന്ന ശ്രീ.ധനുഷ്.വി-യ്ക്ക് KSR ഭാഗം I റൂൾ 88 പ്രകാരം 17/08/2016 മുതൽ 31/07/2019 വരെ വിദ്യാഭ്യാസ ആവശ്യത്തിനുള്ള ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടിയാൻ ജോലിയിൽ തിരികെ പ്രവേശിപ്പിക്കാൻ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലയിൽ ഇലക്ട്രിക്കൽ ഡിവിഷൻ കാര്യാലയത്തിൽ പുന:പ്രവേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ടിയാൻ ജോലിക്ക് ഹാജരായിരുന്നില്ല. അനധികൃത ഹാജരില്ലായ്മയിൽ തുടർന്ന ടിയാനെതിരെ വിജിലൻസ് വിഭാഗത്തിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നു.

പരാമർശം (3) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷയിൽ, ടിയാന്റെ മാതാവ് പെട്ടെന്നുണ്ടായ അപകടംമൂലം കിടപ്പിലായെന്നും തുടർന്ന് മാസങ്ങളോളം ആശുപത്രിയിൽ ചികിത്സയിലായതിനാൽ മാതാവിന്റെ പരിചരണ ചുമതല ടിയാന് ഏറ്റെടുക്കേണ്ടി വന്നുവെന്നും ഇക്കാരണത്താൽ യഥാസമയം ജോലിയിൽ പ്രവേശിക്കുവാനോ ആയത് സംബന്ധിച്ച വിവരം അറിയിക്കുവാനോ സാധിച്ചിരുന്നില്ലെന്നും നാളിതുവരെയുള്ള ദിവസങ്ങൾ കൂടി ശൂന്യവേതനാവധിയായി പരിഗണിച്ച് സർവ്വീസിൽ പുന:പ്രവേശിപ്പിക്കണമെന്നും അപേക്ഷിച്ചിരുന്നു.

ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ Manual of Disciplinary Proceedings Rule 53 (6) പ്രകാരം സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ ചെങ്ങന്നൂർ ബിൽഡിംഗ്സ് സെക്ഷൻ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ പുന:പ്രവേശിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാൻ ജോലിയിൽ പ്രവേശിക്കുന്ന വിവരം യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

വ്യക്തിക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)
പകർപ്പ്:അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബിൽഡിംഗ്സ് സബ്ഡിവിഷൻ, ചെങ്ങന്നൂർ.
അസിസ്റ്റന്റ് എഞ്ചിനീയർ, ബിൽഡിംഗ്സ് സെക്ഷൻ, ചെങ്ങന്നൂർ.
സ്പെഷ്യൽ സെൽ / സ്റ്റോക്ക് ഫയൽ / അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

എഫ്.സി.6